A

# പാദവാർഷിക മൂല്യനിർണയം - 2016

# സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ്: IX

സമയം: 2½ മണിക്കൂർ
സ്കോർ : 80

**നിർദേശങ്ങൾ**

1. പതിനഞ്ച് മിനിട്ട് സമാശ്വാസസമയമാണ്.
2. ചോദ്യങ്ങൾ വായിച്ചുനോക്കാൻ ഈ സമയം ഉപയോഗിക്കാം.
3. സമാശ്വാസ സമയത്ത് ഉത്തരമെഴുതുവാൻ പാടുള്ളതല്ല.
4. സ്കോറും, സമയവും പരിഗണിച്ച് ഉത്തരമെഴുതുക.

---

1. നമ്മുടെ പാഠപുസ്തകത്തിൽ ഇന്ത്യൻ പൗരന്റെ മൗലിക കർത്തവ്യങ്ങളുടെ ലിസ്റ്റ് നൽകിയിട്ടുണ്ടല്ലോ. അവ ഭരണഘടനയുടെ ഏതു ഭാഗത്താണ് പ്രതിപാദിച്ചിട്ടുള്ളത്?

   (ഭാഗം II, ഭാഗം III, ഭാഗം IV, ഭാഗം IV A) (1)

2. പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ ജസ്റ്റീനിയൻ നിയമ സംഹിതയുടെ സവിശേഷതകൾ എന്തെല്ലാം? (3)

3. ഭൗമാന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്ന സൗരോർജത്തിന്റെ അളവ് 100 യൂണിറ്റാണെങ്കിൽ ഇതിൽ 35 യൂണിറ്റ് ഊർജം അന്തരീക്ഷ വസ്തുക്കളിൽ തട്ടി പ്രതിഫലിക്കുന്നു.

   a. ബാക്കിയുള്ള 65 യൂണിറ്റ് ഊർജ്ജം വിതരണം ചെയ്യപ്പെടുന്നതെങ്ങനെ?

   b. ഭൗമോപരിതല താപം സന്തുലിതമായി നിലനിർത്തപ്പെടുന്നതെങ്ങനെ? (4)

4. ഇന്ത്യയിൽ അറിവു സമ്പദ്ക്രമം ദേശീയ വരുമാനത്തിന് നൽകുന്ന സംഭാവന വിശദീകരിക്കുക. (3)

5. പട്ടുതുണിപ്പാത, സുഗന്ധവ്യഞ്ജനപ്പാത എന്നിവയുടെ സവിശേഷതകൾ എന്തെല്ലാം? (2)

6. ഒരു ദിവസത്തെ ഏറ്റവും ഉയർന്ന താപനില കണക്കാക്കുന്നത് ഏതു സമയത്തെ അന്തരീക്ഷ സ്ഥിതിയെ അടിസ്ഥാനമാക്കിയാണ്?

   (ഉച്ചതിരിഞ്ഞ് 2 മണി, ഉച്ചയ്ക്ക് 12 മണി, വൈകുന്നേരം 4 മണി, ഉച്ചതിരിഞ്ഞ് 3 മണി) (1)

7. ജനാധിപത്യരാഷ്ട്രങ്ങൾ മൗലികാവകാശങ്ങൾക്കും അവയുടെ സംരക്ഷണത്തിനും വലിയ പ്രാധാന്യം നൽകിവരുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

   a. മൗലികാവകാശങ്ങൾ എന്തെന്ന് നിർവചിക്കുക.

   b. ഒരു ജനാധിപത്യ സമൂഹത്തിൽ മൗലികാവകാശത്തിന്റെ പ്രസക്തിയെന്ത്? (3)

8. അന്തരീക്ഷ ആർദ്രതയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

   a. ആർദ്രതയെ സ്വാധീനിക്കുന്ന ഘടകങ്ങളേതെല്ലാം?

   b. ആപേക്ഷിക ആർദ്രതയും കേവല ആർദ്രതയും തമ്മിലുള്ള വ്യത്യാസമെന്ത്?

   c. ആപേക്ഷിക ആർദ്രത കണക്കാക്കുന്നതെങ്ങനെ? (4)

9. താഴെയുള്ള സൂചനകൾ പ്രകാരം മധ്യകാല ലോകത്തെ അറേബ്യൻ സാമ്രാജ്യത്തിന്റെ സംഭാവനകൾ വിശദമാക്കുക.

   • വിവിധ രാജവംശങ്ങൾ • ഭരണനേട്ടങ്ങൾ • ക്ഷേമപ്രവർത്തനങ്ങൾ

അല്ലെങ്കിൽ

'കിഴക്കും പടിഞ്ഞാറും രാജ്യങ്ങൾ തമ്മിലുള്ള സമന്വയത്തിന് ഉദാഹരണമാണ് മധ്യകാല ഘട്ടത്തിലെ കലയും സാഹിത്യവും' താഴെയുള്ള സൂചനകൾ പ്രകാരം വിവരിക്കുക.

- വിവിധ വാസ്തുവിദ്യാരീതികൾ
- കലകൾ
- സാഹിത്യം
- സംഗീതം

(6)

10. ദേശീയ വരുമാനം കണക്കാക്കുന്നതിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക. (3)

11. വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ശിലാമണ്ഡല ഫലകങ്ങളെ തരംതിരിച്ച് ഓരോന്നിനും മൂന്നു വീതം ഉദാഹരണങ്ങളെഴുതുക. (4)

12. താഴെ തന്നിരിക്കുന്ന വംശാവലികൾ നിലനിന്ന ഭരണകേന്ദ്രങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കുക. (3)

| വംശാവലി | ഭരണകേന്ദ്രം |
|---|---|
| ഖലീഫ | |
| ഉമവിയ്യ | |
| അബ്ബാസിയ | |

13. രൂപം കൊള്ളുന്നതിന്റെ അടിസ്ഥാനത്തിൽ മഴ പലവിധമുണ്ട്. അവയേതെല്ലാം? ഓരോന്നിന്റേയും സവിശേഷതകൾ വിശകലനം ചെയ്യുക.

അല്ലെങ്കിൽ

വിവിധ ശിലാമണ്ഡല ഫലകങ്ങളാണ് ചിത്രത്തിൽ




a. A, B, C, D എന്നിങ്ങനെ രേഖപ്പെടുത്തിയ ഫലകങ്ങൾ ഏതെല്ലാം?

b. ശിലാമണ്ഡലഫലകങ്ങൾ എന്നാലെന്ത്?

c. വ്യത്യസ്ത ഫലകസീമകൾ ഏതെല്ലാം?

d. ഏതെങ്കിലും ഒരു ഫലകസീമയെക്കുറിച്ച് കുറിപ്പ് തയാറാക്കുക. (6)

14. ഗിൽഡുകൾ എന്നാലെന്ത്? അവയുടെ രൂപീകരണത്തിന് വഴിതെളിച്ച ഏതെങ്കിലും രണ്ടു ഘടകങ്ങളെക്കുറിച്ച് വിശദമാക്കുക. (3)

15. മൗലിക കർത്തവ്യങ്ങൾ നിറവേറ്റുന്നതിലൂടെ മെച്ചപ്പെട്ട സമൂഹം സൃഷ്ടിക്കാൻ സാധിക്കും. ഈ അഭിപ്രായം സമർത്ഥിക്കുക. (2)

16. താഴെ ചേർത്തിട്ടുള്ളവയെ പട്ടികയിൽ ക്രമീകരിച്ചെഴുതുക.

- ഭൂകമ്പം
- അഗ്നിപർവത സ്ഫോടനം
- സമുദ്രാന്തർപർവതങ്ങൾ
- മടക്കു പർവതങ്ങൾ

| ദ്രുതചലനത്താൽ സൃഷ്ടിക്കപ്പെടുന്നു | സാവധാനത്തിലുള്ള ചലനത്താൽ സൃഷ്ടിക്കപ്പെടുന്നു |
|---|---|
| •<br>• | •<br>• |

(2)

17. മധ്യകാലഘട്ടത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ അറബികളുടെ സ്വാധീനം വിലയിരുത്തുക. (3)

18. ഭൂകമ്പങ്ങളുമായി ബന്ധപ്പെട്ട് താഴെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

a. ഭൂകമ്പങ്ങൾ ഉണ്ടാകുന്നതിനുള്ള ഏതെങ്കിലും 2 കാരണങ്ങളെഴുതുക.

b. ഭൂകമ്പതീവ്രത അളക്കുന്നതിനുള്ള തോത് ഏത്?

c. ഭൂകമ്പതരംഗങ്ങളിൽ ഏറ്റവും വിനാശകാരിയായത് ഏത്?

d. സുനാമി എന്താണെന്ത്? (4)

19. ഇന്ത്യയുടെ ദേശീയ വരുമാനത്തിൽ പ്രാഥമിക, ദ്വിതീയ മേഖലകളെ അപേക്ഷിച്ച് തൃതീയ മേഖലയുടെ സംഭാവന കൂടുതലാണ്. അതിനിടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം? (4)

20. അഗ്നിപർവതങ്ങൾ പലപ്പോഴും മനുഷ്യന് ഉപയോഗപ്രദമാണ് ഈ പ്രസ്താവനയെ സാധൂകരിക്കുക. (3)

21. ചേരുംപടിചേർക്കുക. (4)

| A | B |
|---|---|
| തൊട്ടുകൂടായ്മ നിർത്തലാക്കൽ | മതസ്വാതന്ത്ര്യത്തിനുള്ള അവകാശം |
| അന്യായമായ അറസ്റ്റിൽ നിന്നും സംരക്ഷണം | ചൂഷണത്തിനെതിരെയുള്ള അവകാശം |
| മനുഷ്യ കച്ചവടം നിരോധിക്കുന്നു | സമത്വത്തിനുള്ള അവകാശം |
| മതസ്ഥാപനങ്ങൾ നടത്താനുള്ള അവകാശം | സ്വാതന്ത്ര്യത്തിനുള്ള അവകാശം |

22. താഴെ നൽകിയിട്ടുള്ള പ്രസ്താവനകളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.

a. നിമജ്ജന മേഖലകളിലെ ഫലകസീമകളിൽ ഫലകങ്ങളുടെ സാന്ദ്രത തുല്യമായിരിക്കും.

b. ഛേദക സീമകളിൽ പൊതുവെ ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നു. (2)

23. അമേരിക്കയിൽ കോളനികൾ സ്ഥാപിക്കാനായി യൂറോപ്യന്മാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുക. (3)

24. മധ്യകാല ശാസ്ത്രപുരോഗതിയ്ക്ക് അറബികൾ നൽകിയ സംഭാവനകൾ എന്തെല്ലാം? (3)

25. ശാസ്ത്രസാങ്കേതിക രംഗത്ത് മധ്യകാല ചൈനയുടെ ഏതെങ്കിലും നാല് കണ്ടുപിടിത്തങ്ങൾ എഴുതുക. (4)